No. CEE/4900/2015/KEAM-2016/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2016-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ കോഴ്സുകളിലേയ്ക്കും അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള സ്പോട്ട് അഡ്മിഷൻ

2016-ലെ ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലെയും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലെയും ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി ഒരു സ്പോട്ട് അഡ്മിഷൻ **31.10.2016 (തിങ്കളാഴ്ച) രാവിലെ 9.30 മണിയ്ക്ക് തിരുവനന്തപുരം, ഗവ: മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ** വച്ച് നടത്തുന്നതാണ്. **സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് തീയതി 31.10.2016 ആയി സർക്കാർ നീട്ടി നൽകിയ സാഹചര്യത്തിൽ സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി കോളേജുകളിലെ ഒഴിവുള്ള സർക്കാർ സീറ്റുകൾ സ്പോട്ട് അഡ്മിഷനിൽ നികത്തുന്നതാണ്.** കൂടാതെ പുതുതായി അനുമതി ലഭിച്ച ഒല്ലൂർ വൈദ്യരത്നം ആയുർവേദ മെഡിക്കൽ കോളേജിലെ **42** സർക്കാർ സീറ്റുകളും സ്പോട്ട് അഡ്മിഷനിൽ നികത്തുന്നതാണ്. **പ്രവേശനം നടത്തുന്നതിനുള്ള കേന്ദ്രാനുമതി ലഭ്യമായിട്ടില്ലാത്ത 3 എയ്ഡഡ് ഹോമിയോപ്പതി മെഡിക്കൽ കോളേജുകൾക്കും, 3 സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജുകൾക്കും അനുമതി ലഭ്യമാകുന്ന പക്ഷം അവയിലെയും സർക്കാർ സീറ്റുകൾ സ്പോട്ട് അഡ്മിഷനിൽ നികത്തുന്നതാണ്.**

പ്രോസ്പെക്ടസ് ക്ലോസ് 11.6.9 ന് അനുസൃതമായി നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിന് താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.

(i) സ്പോട്ട് അഡ്മിഷൻ ഓരോ കോളേജിലും ഒഴിവുള്ള സീറ്റുകളിലേയ്ക്കാണ് നടത്തുന്നത്.

(ii) ഒരേ കോഴ്സിന് ഒരു സർക്കാർ/ എയ്ഡഡ് കോളേജിൽ നിന്ന് മറ്റൊരു സർക്കാർ/ എയ്ഡഡ് കോളേജിലേയ്ക്കോ, ഒരു സ്വാശ്രയ കോളേജിൽ നിന്നും മറ്റൊരു സ്വാശ്രയ കോളേജിലേയ്ക്കോ മാറ്റം അനുവദിക്കുന്നതല്ല.

(iii) ഒരു കോഴ്സിൽ നിന്നും മറ്റൊരു കോഴ്സിലേയ്ക്കോ, ഒരേ കോഴ്സിൽ തന്നെ സ്വാശ്രയ കോളേജിൽ നിന്നും സർക്കാർ/ എയ്ഡഡ് കോളേജിലേയ്ക്കോ മറിച്ചോ മാറ്റം അനുവദിക്കുന്നതാണ്.

(iv) നിലവിൽ മേൽപ്പറഞ്ഞ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷനിലൂടെ പുതുതായി അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ അവർ ഒഴിവാക്കപ്പെടുന്ന സീറ്റുകളും അപ്പപ്പോൾ തന്നെ നികത്തുന്നതാണ്.

(v) നിലവിൽ ഒരു കോഴ്സിനും പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾ വിടുതൽ സർട്ടിഫിക്കറ്റ്, പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ അസ്സൽ എന്നിവ സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്.

(vi) പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെയോ അല്ലാതെയോ സംസ്ഥാനത്തിനകത്ത് മറ്റേതെങ്കിലും കോഴ്സ്/കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ നിന്നും വിടുതൽ നൽകുന്നതിന് തടസ്സമില്ല എന്ന് കാണിക്കുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (**No Objection Certificate**), പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ എന്നിവ സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്.

(vii) അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **അതത് കോഴ്സുകൾക്കുള്ള** നിർദ്ദിഷ്ഠ ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അപ്പോൾ തന്നെ ഒടുക്കേണ്ടതാണ്.

(viii) സ്പോട്ട് അഡ്മിഷന് വിദ്യാർത്ഥികൾ നേരിട്ട് ഹാജരാകേണ്ടതാണ്.

(ix) പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ മെഡിക്കൽ/ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

**കുറിപ്പ്:– സ്പോട്ട് അഡിമിഷൻ കേന്ദ്രീകൃതമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന സാഹചര്യത്തിൽ അതത് വകുപ്പ് മേലധികാരികൾക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നതിന് നൽകിയ അനുമതി റദ്ദാകുന്നതാണ്. പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട കോളേജ് അധികാരികൾ സ്പോട്ട് അഡ്മിഷൻ നടക്കുന്ന സ്ഥലത്ത് സന്നിഹിതരായിരിക്കും.**

**ഓരോ കോഴ്സിലെയും ഒഴിവുള്ള സീറ്റുകളുടെ വിവരം സംബന്ധിച്ച വിശദാംശങ്ങൾ** **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
27.10.2016

പ്രവേശന പരീക്ഷാ കമ്മീഷണർ